പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1339

31/10/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുള്ള നടപടി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) ചാലക്കുടി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**ഭൗതിക സൗകര്യ വികസനം**<br>സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>ചാലക്കുടി ഗവ. വി.എച്ച്.എസ്.എസിന് 5 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രം ആക്കുന്നതിന് തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>2018-19 വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ജി.എച്ച്.എസ്.എസ് ചായ്പ്പൻകുഴി, ജി.എച്ച്.എസ്.എസ് കൊടകര എന്നീ സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന് എസ്.പി.വി ആയി 'കില'യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയും അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് നൽകി വരുന്നു.<br>**ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തൽ.**<br>8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ കൈറ്റ് മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്.<br>**അക്കാദമികം.**<br>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക മികവിനായി നിരവധി പദ്ധതികൾആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | പ്രസ്തുത പദ്ധതികൾ ചാലക്കുടി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കി വരുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കി വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്. ൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അനുമതി നൽകുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്. ൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിനായുള്ള അപേക്ഷകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |

Namitha P

**സെക്ഷൻ ഓഫീസർ**